**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2825** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടയം നൽകുന്നത് റവന്യൂ വകുപ്പിൽ നിന്നാണ്. വനഭൂമിയുടെ അതിർത്തി പങ്കിടുന്ന സ്വകാര്യഭൂമിക്ക് വനം വകുപ്പ് നൽകുന്ന എൻ.ഒ.സി-യുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് വനം വകുപ്പ് തടസ്സം ഉന്നയിക്കാറില്ല. വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പട്ടയഭൂമി ക്രയവിക്രയം ചെയ്യുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണെന്നാണ് വനം വന്യജീവി വകുപ്പിലെ 18.12.86 നം.21497/ഇ2/86-വനം ഉത്തരവും, 08.06.2010-ലെ 6143/എ2/2009/വനം കത്ത് പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ